# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.846 — 01.03.2017-ൽ മറുപടിയ്ക്ക്

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ:** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലെ കലാപ്രവർത്തകർക്കുള്ള പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) വർദ്ധിപ്പിച്ചിട്ടുണ്ട്. 20/12/2016 ലെ SRO നമ്പർ 767/2016 ആയി വിജ്ഞാപനം ചെയ്ത 2016 ഡിസംബർ 3 ലെ സ.ഉ.(കൈയെഴുത്ത്)നം. 22/2016/സാം.ക.വ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും കലാപ്രവർത്തകർക്ക് നൽകി വരുന്ന പ്രതിമാസ പെൻഷൻ ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. |
| (ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) 1974 പേർക്ക് പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| (സി) നിലവിൽ പെൻഷനു വേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാനുണ്ട്; അർഹതയുള്ള കലാപ്രവർത്തകർക്ക് അടിയന്തിരമായി പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) എല്ലാ രേഖകളും ലഭ്യമാക്കിയ അഞ്ഞൂറ് കലാകാരന്മാരുടെ അപേക്ഷകൾ ബോർഡ് പരിശോധിച്ച് ഉടനടി തീർപ്പ് കല്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**